WEDNESDAY 23/10/2024 ബുധനാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/10/2024

1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2023 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് അപേഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളെയും (ബി.എം.സി). കാവുകളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. അപേക്ഷകൾ ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈനായി ksbbawards@gmail.com എന്ന ഈ മെയിൽ വഴി അയക്കാവുന്നതാണ്. തപാൽ വഴിയോ നേരിട്ടോ അപേക്ഷയുടെ ഹാർഡ്കോപ്പി അനുബന്ധ രേഖകൾസഹിതം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം റ്റി സി 24/3219, നം 43 ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 69003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങളും അപേക്ഷയുടെ മാതൃകയും www.korabbiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 15 ന് വൈകുന്നേരം 5 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471 2724740

2. ആടു വസന്ത അഥവാ PPR എന്ന രോഗത്തിനെതിരെ ആടുകൾക്കും, ചെമ്മരിയാടുകൾക്കും പ്രതിരോധ കുത്തിവയ്പ് സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഒന്നാം ഘട്ട കുത്തിവയ്പ് ക്യാമ്പയിൻ ഈ മാസം (ഒക്ടോബർ മാസം) 18 മുതൽ നവംബർ 5

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെയാണ്. 4 മാസത്തിനു മുകളിൽ പ്രായമുള്ള ആടുകളെയും ചെമ്മരിയാടുകളെയും നിർബന്ധമായും ആടുവസന്ത പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കേണ്ടതാണ്. കേരളത്തിലെ പതിമൂന്നര ലക്ഷത്തോളം വരുന്ന ആടുകൾക്ക് PPR പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് ഫീൽഡ് ഓഫീസേഴ്സ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് എന്നിവർ വീടു വീടാന്തരം എത്തി പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും കുത്തിവയ്പ്പിന്റെ വിവരങ്ങൾ കൃത്യമായി ശേഖരിച്ചു റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും. ഇത് സംബന്ധിച്ച ഡാറ്റാ ശേഖരണം ദേശീയതലത്തിലുള്ള ഭാരത് പശുധൻ പോർട്ടൽ മുഖേനയാണ്. രാജ്യത്തു നിന്നും PPR എന്ന ആടുവസന്ത രോഗം 2030 ഓടുകൂടി ഇല്ലാതാക്കാനാണ് PPR Eradication Programme കൊണ്ട് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വാക്സിനേഷൻ തികച്ചും സൗജന്യമായാണ് നൽകുന്നത്.

3. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിവിധ പദ്ധതികൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതായി റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പുതുക്കിയ ആനുകൂല്യങ്ങളുടെയും നടപ്പിലാക്കിയ പുതിയ പദ്ധതികളുടെയും വിവരങ്ങൾ ഫിഷറീസ് ഓഫീസുകളിൽ നിന്നും അറിയാവുന്നതാണ്. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ ക്ഷേമനിധി അംഗങ്ങൾ പുതുക്കിയ നിരക്കിലുള്ള അംശാദായം അടയ്ക്കണം. അതതു ഓഫീസുകളിലോ ഫിഷറീസ് ഓഫീസർ പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിലോ പണം അടച്ച് രസീത് കൈപ്പറ്റാവുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

**പരിശീലന പരിപാടി**

4. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീം ഒക്ടോബർ 26 ശനിയാഴ്ച ഓർക്കിഡ്-ആന്തൂറിയം കൃഷി എന്ന വിഷയത്തിലും, ഒക്ടോബർ 29

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചൊവ്വാഴ്ച ശാസ്ത്രീയ പച്ചക്കറി കൃഷി എന്ന വിഷയത്തിലും ഏകദിന പരിശീലനങ്ങൾ നൽകുന്നു. രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയാണ് ക്ലാസുകൾ. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഇന്നും നാളെയും (ഒക്ടോബർ 23, 24) പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുകയോ അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുകയോ ചെയ്യുക.

6. റബ്ബർബോർഡിന്റെ റബ്ബർകൃഷിവികസനപദ്ധതികളെക്കുറിച്ചുള്ള കർഷകരുടെ ചോദ്യങ്ങൾക്ക് ഇന്ന് (2024 ഒക്ടോബർ 23-ാം തീയതി ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ചന്ദ്രലേഖ കെ. മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം